## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3501** → **23.06.2014 -ലെ മറുപടിക്ക്**

**കോടാലിയിൽ പോസ്റ്റുമാനായിരുന്ന ശ്രീ. ജയരാമന്റെ ദുരൂഹ സാഹചര്യത്തിലെ മരണം**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ പഞ്ചായത്തിലെ കോടാലിയിൽ പോസ്റ്റ്മാനായിരുന്ന ശ്രീ. ജയരാമൻ ദുരൂഹ സാഹചര്യത്തിൽ മരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം നം. 624/14. |
| (സി) ഉണ്ടെങ്കിൽ കേസിന്റെ പുരോഗതി വിശദമാക്കാമോ? | (സി) ജയരാമന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ഏതോ വാഹനം ഇടിച്ചതിൽ വെച്ചാണ് മരണപ്പെട്ടതെന്ന് പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർ മൊഴി നൽകിയിട്ടുള്ളതിനാൽ വാഹനം കണ്ടെത്തുന്നതിന് ഊർജ്ജിതമായ തെരച്ചിൽ നടത്തി വരുന്നു. കൂടാതെ, അമിതമായി മദ്യപിച്ച് സ്വബോധം നഷ്ടപ്പെട്ട ജയരാമനെ കോടാലിയിലുള്ള |

ബാറിൽ നിന്നും പുറത്ത് കൊണ്ട് കിടത്തിയാൽ ഏതെങ്കിലും വാഹനം ഇടിച്ചോ മറ്റോ ജയരാമന്റെ ജീവന് അപകടം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് അറിയാമായിരുന്നിട്ടും, അപ്രകാരം ചെയ്ത മൂന്ന് ബാർ ജീവനക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ